# സ്കൂൾ , കോളേജ് വിദ്യാർത്ഥികൾക്കായി ഷോർട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു

സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഹയർ സെക്കന്ററി സ്കൂൾ , ബിരുദ ബിരുദാനന്തര കോളേജ് വിദ്യാർത്ഥികൾക്കായി സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നു.

**വിഷയം – 'കേരളം – കലയും തനത് സംസ്കാരവും ടൂറിസവും'**
സമയ ദൈർഘ്യം **ഒന്നു മുതൽ പത്ത് മിനിറ്റ്** വരെ

**എൻട്രികൾ സമർപ്പിക്കേണ്ട മെയിൽ ഐ ഡി** – shortfilm.compp.culture@gmail.com

**എൻട്രികൾ സ്വീകരിക്കുന്ന അവസാന തീയതി – 24/09/2026**

ബന്ധപ്പെടേണ്ട ഫോൺ നമ്പർ – **0471 2478193, 9447728351**

വിശദവിവരങ്ങൾക്കു സന്ദർശിക്കുക : WWW.culturedirectorate.kerala.gov.in ,
http://www.keralafilm.com

സംസ്ഥാനത്തെ അംഗീകൃത കോളേജുകളിലെ ബിരുദ ബിരുദാനന്തര(പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള)വിദ്യാർത്ഥികൾക്കും സ്കൂൾ തലത്തിൽ ഹയർസെക്കൻഡറി / തത്തുല്യ വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. വിദ്യാർത്ഥികൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ജഡ്ജിംഗ് പാനൽ ആവശ്യപ്പെടുന്ന മുറയ്ക്ക് പൂർത്തിയാക്കിയ ഹ്രസ്വചിത്രം UHD 3840 X 2160px ക്വാളിറ്റിയിൽ mp4 ഫോർമാറ്റിൽ പെൻഡ്രൈവിൽ വകുപ്പിൽ സമർപ്പിക്കേണ്ടതും അതോടൊപ്പം ഒറിജിനൽ സ്ക്രിപ്റ്റ് , സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രങ്ങളുടെ അസ്സൽ എന്നിവയും ഹാജരാക്കേണ്ടതാണ്.